# CENTRAL BOARD OF SECONDARY EDUCATION MARCH 2023

## SAMPLE QUESTION PAPER FOR AISSCE 2023
(മാതൃകാ ചോദ്യപേപ്പർ 2023)
## MALAYALAM (മലയാളം) CODE: 112

**STD: XII**
**TIME ALLOWED: 3 hrs** — **MAXIMUM MARKS: 80**
**അനുവദിച്ച സമയം: 3 മണിക്കൂർ** — **ആകെ മാർക്ക്: 80**

---

**This question paper is divided into 2 sections.**
**Section A: Reading Comprehension**
**: Grammar &Prose& Poetry (M.C.Q) : 40 Marks**
**Section B: Grammar, Composition**
**: Literature (Prose, Poetry & Non-detailed) : 40 Marks**

### SECTION A

1. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ഓരോന്നിന്റെയും ചുവടെ തന്നിട്ടുള്ള 7 ചോദ്യങ്ങളിൽ 6 എണ്ണത്തിന് ഉത്തരം കണ്ടെത്തി എഴുതുക (ഓരോന്നിനും 1 മാർക്ക് വീതം). (6×1=6)

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അത്യാവശ്യം വേണ്ടുന്ന മൂന്നു കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ ആദ്യം പറഞ്ഞ രണ്ടും കേരളത്തിൽ സുലഭം തന്നെ.എന്നാൽ ഭക്ഷണത്തിന് നാം അന്യ നാടുകളെ ആശ്രയിക്കുകയാണിന്ന്. അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷിസ്ഥലങ്ങൾ വർദ്ധിക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനം മൂലം കർഷകന് നല്ല രീതിയിൽ കൃഷിയിറക്കാൻ കഴിയാതെ വരുന്നു. ഇത് വിളനാശത്തിന് കാരണമാകുന്നു. നീർത്തടങ്ങളായ വയലുകൾ നികത്തി വീട് വയ്ക്കുന്നത് ഇന്ന് വ്യാപകമായിട്ടുണ്ട്. തന്മൂലം ജലാംശം ആഴത്തിലേയ്ക്ക് വലിയും. പണ്ടുള്ള ജലസ്രോതസ്സുകൾ പോലും വറ്റാൻ ഇത് കാരണമാകുന്നു. ജലദൗർലഭ്യവും വെള്ളപ്പൊക്കവും രണ്ടായാലും കർഷകന് ആദായം നഷ്ടപ്പെടുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് ആവശ്യത്തിനുള്ള വില ലഭിച്ചില്ലെങ്കിൽ നഷ്ടം വരും. വിത്ത്, വളം, ജോലിക്കൂലി എന്നിവയിലെ വർദ്ധനവ് അമിതമാണ്. കർഷകന് വേണ്ടത്ര വിപണന സാധ്യതയില്ലാതെ വരുമ്പോൾ വിത്തെടുത്ത് കുത്തേണ്ട അവസ്ഥ വരും. അത് ആത്മഹത്യയ്ക്ക് വഴി വയ്ക്കുന്നു. കാർഷിക പ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യപ്രശ്നം പരിഹരിക്കാനുള്ള പ്രധാന ഉപാധി. ജലസേചന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. കീടനാശിനികളും വളവും മിതമായ നിരക്കിൽ നൽകണം. കുറച്ച് സ്ഥലത്ത് നിന്നും കൂടുതൽ വിളവ് ലഭിക്കുന്ന വിത്തിനങ്ങൾ കർഷകന് നൽകണം. ബോധവൽക്കരണത്തിലൂടെ ആധുനിക കൃഷി രീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കണം. ഇപ്രകാരം കൃഷിക്കു വേണ്ട പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. നിലം നികത്തൽ നിരോധിക്കുക, കാർഷിക വൃത്തി മാന്യമായ ജീവിത സംസ്കാരം നൽകുമെന്ന് ബോധ്യപ്പെടുത്തുക, ഇടനിലക്കാരില്ലാതെ വിപണന സാധ്യത വർധിപ്പിക്കുക തുടങ്ങിയ സഹായങ്ങൾ സർക്കാർ തലത്തിലും ചെയ്യുമ്പോൾ കേരളത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ

ഇവിടെത്തന്നെ കൃഷി ചെയ്യാം. അത്തരം ഭക്ഷ്യവസ്തുക്കൾ ആരോഗ്യത്തിന് നല്ലതാണെന്ന സത്യം കർഷകർ തിരിച്ചറിയുക കൂടി ചെയ്യുമ്പോൾ നമ്മുടെ ഭക്ഷ്യക്ഷാമം മാറുകയും ചെയ്യും.

**ചോദ്യങ്ങൾ**

I. ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്ന ഘടകം ഏത്?

**(A)** കൃഷിനാശം **(B)**കാലാവസ്ഥ **(C)** പ്രകൃതി **(D)** ജനസംഖ്യ

II. കാർഷിക പ്രതിസന്ധി പരിഹരിക്കുക എന്നതിലൂടെ മറ്റെന്തു കൂടി പരിഹരിക്കാം?

**(A)** ഭക്ഷ്യപ്രശ്നം **(B)** ജലക്ഷാമം **(C)** കാലാവസ്ഥ **(D)** ധനക്ഷാമം

III. ഭക്ഷ്യക്ഷാമം പരിഹരിക്കാനുള്ള പ്രധാന ഉപാധി എന്ത്?

**(A)** കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കുക

**(B)** ഭക്ഷ്യവസ്തുക്കൾ കേരളത്തിൽ തന്നെ ഉത്പദിപ്പിക്കുക

**(C)** കാർഷിക വായ്പകൾ നൽകുക

**(D)** ജോലിക്കൂലി വർദ്ധിപ്പിക്കുക

IV. ഇതിൽ ആദ്യം പറഞ്ഞ രണ്ടും കേരളത്തിൽ സുലഭമാണ് - എന്താണ് കേരളത്തിൽ സുലഭമായി ലഭിക്കുന്നത്?

**(A)** വായുവും വെള്ളവും

**(B)** കീടനാശിനികളും വളവും

**(C)** ഭക്ഷണപദാർത്ഥങ്ങൾ

**(D)** അനുകൂല കാലാവസ്ഥയും വിത്തിനങ്ങളും

V. അത് കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നു - ഏത്?

**(A)** കാർഷിക വൃത്തിയുടെ മാന്യതയില്ലായ്മ

**(B)** വെള്ളപ്പൊക്കം

**(C)** ജലദൗർലഭ്യം

**(D)** വിപണന സാധ്യതയില്ലായ്മ

VI. കേരളത്തിനാവശ്യമായ ഭക്ഷ്യ സാധനങ്ങൾ കേരളത്തിൽ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ ചെയ്യേണ്ടതായ സഹായങ്ങൾ എന്ത്?

**(A)** കർഷകരെ ആദരിക്കൽ

**(B)** കർഷകർക്ക് അവാർഡ് പ്രഖ്യാപിക്കൽ

**(C)** വിപണന സാധ്യത വർദ്ധിപ്പിക്കൽ

**(D)** കർഷക സമരങ്ങൾ അടിച്ചമർത്തൽ

VII. കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തല്ലാം ചെയ്യണം?

**(A)** കൃഷിസ്ഥലങ്ങൾ വർധിപ്പിക്കുക

**(B)** ആധുനിക കൃഷിരീതികൾ കർഷകനെ ബോധ്യപ്പെടുത്തുക

**(C)** നിലം നികത്തൽ പ്രോത്സാഹിപ്പിക്കുക

**(D)** കാലാവസ്ഥ അനുകൂലമാക്കുക

**2. A ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (4×1=4)

I. ഉപമാനം ഭാവനാസൃഷ്ടമാകുന്ന അലങ്കാരമേത്?

**(A)** ഉപമ **(B)** രൂപകം

**(C)** ഉൽപ്രേക്ഷ **(D)**ഉല്ലേഖം

II. സ്വരൂപോൽപ്രേക്ഷ എന്ന് അറിയപ്പെടുന്ന ഉൽപ്രേക്ഷ ഏത്?

**(A)** ധർമ്മോൽപ്രേക്ഷ **(B)** ധർമ്മ്യുൽപ്രേക്ഷ

**(C)** ഫലോൽപ്രേക്ഷ **(D)** ഗമ്യോൽപ്രേക്ഷ

III. ‘ഉൽപ്രേക്ഷ ’ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**(A)** സാദൃശ്യം **(B)** തീർച്ച

**(C)** അതിശയം **(D)** ഊഹം

IV. വർണ്ണ്യവസ്തുവിന് അലങ്കാരശാസ്ത്രത്തിൽ പറയുന്ന പേരെന്ത്?

**(A)** ഉപമേയം **(B)** സാധാരണധർമ്മം

**(C)** ഉപമാനം **(D)** ഉപമാവാചകം

V. ഒരു പ്രവൃത്തിയുടെ ഫലം ഒന്നല്ലാതിരിക്കെ അതാണോ എന്ന് സംശയിക്കുന്ന അലങ്കാരമേത് ?

**(A)** ധർമ്മോൽപ്രേക്ഷ **(B)** ധർമ്മ്യുൽപ്രേക്ഷ

**(C)** ഹേതുൽപ്രേക്ഷ **(D)** ഫലോൽപ്രേക്ഷ

**B ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5×1=5)

I. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചു കൊണ്ട് തികച്ചും മൗലികമായൊരു കാവ്യപ്രപഞ്ചം സൃഷ്ടിച്ച കവി ആര് ?

**(A)** ഉണ്ണായി വാര്യർ **(B)** കടമ്മനിട്ട രാമകൃഷ്ണൻ

**(C)** എഴുത്തച്ഛൻ **(D)** കുഞ്ചൻ നമ്പ്യാർ

II. ‘കിരാതവൃത്തം’ എന്ന കവിതയ്ക്ക് അടിത്തറ കെട്ടിയുയർത്തിയിരിക്കുന്ന അനുഷ്ഠാനകലാരൂപമേത് ?

**(A)** തുള്ളൽ **(B)** കഥകളി

**(C)** തെയ്യം **(D)** പടയണി

III. ‘ദുർജ്ജനം സന്തോഷിപ്പൂ’ എപ്പോൾ ?

**(A)** ദുർജ്ജനങ്ങളെ കാണുമ്പോൾ **(B)** സജ്ജനങ്ങളെ കാണുമ്പോൾ

**(C)** സജ്ജനങ്ങളെ നിന്ദിക്കുമ്പോൾ, **(D)** ദുർജ്ജനങ്ങളെ നിന്ദിക്കുമ്പോൾ

IV. ‘കുറവറ്റീടിന മുനികുലനാഥൻ ’ എന്ന സംബോധന ചെയ്യുന്നതാരെ ?

**(A)** വിശ്വാമിത്രനെ **(B)** ഉഗ്രതപസ്സിനെ

**(C)** അഗസ്ത്യനെ **(D)** വസിഷ്ഠനെ

V. മഴനീരിന് മാനം നോക്കിയിരിക്കുന്ന കാട്ടാളനെ ആരോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

**(A)** അരയന്നത്തിനോട് **(B)** കോകിലത്തിനോട്

**(C)** വേഴാമ്പലിനോട് **(D)** ചക്രവാകത്തിനോട്

VI. ‘ധാർഷ്ട്യമെത്രയും പാരമുണ്ട് നാരികൾക്ക്’ ഇവിടെ സൂചിപ്പിക്കുന്ന നാരിയാര് ?

**(A)** മേനക **(B)** ശീലാവതി

**(C)** ശകുന്തള **(D)** ഉർവ്വശി

**C ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5×1=5)

I. മറ്റുള്ളവരുടെ വേനൽ ’ എന്ന കൃതി രചിച്ചതാര് ?

**(A)** ഗ്രേസി **(B)** പി. പത്മരാജൻ

**(C)** ആനന്ദ് **(D)** കെ.അർ.മീര

II. തന്റെ ആൺപിറന്നവന്റെ പൊതുവിജ്ഞാനത്തെ കുറിച്ച് പെൺഗൗളിക്ക് വളരെ മതിപ്പ് തോന്നി – എപ്പോൾ ?

**(A)** ഗ്രൗളി ഇരുത്തം വന്ന ഭാവത്തിൽ സംസാരിച്ചപ്പോൾ

**(B)** മുജ്ജന്മത്തെക്കുറിച്ച് പറഞ്ഞപ്പോൾ

**(C)** ശ്രീ ബുദ്ധനെപ്പറ്റി പറഞ്ഞപ്പോൾ

**(D)** പൊൻകുന്നം വർക്കിയെപ്പറ്റി പറഞ്ഞപ്പോൾ

III. സ്ത്രീയുടെ സ്വത്വബോധവും അവൾ നേരിടുന്ന സാമൂഹിക പ്രശ്നങ്ങളും കഥകൾക്ക് വിഷയമാക്കിയ എഴുത്തുകാരി ആര്?

**(A)** പി.വത്സല **(B)** ഗ്രേസി

**(C)** വിജയലക്ഷ്മി **(D)** കെ.അർ.മീര

IV. ഈ ഡിജിറ്റൽ കാലത്ത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ് ?

**(A)** സാമൂഹിക മാധ്യമങ്ങളുടെ വർധന

**(B)** ഇന്റർനെറ്റിന്റെ വ്യാപനം

**(C)** വ്യക്തി സ്വകാര്യത

**(D)** കുറ്റകൃത്യങ്ങളുടെ വർദ്ധനവ്

V. 'അവരുടെ ചൊടിയുള്ള കാലടിശബ്ദം ആ സമയത്ത് ദിവാകരനെ ഭയപ്പെടുത്തി' ആരുടെ ?

**(A)** കച്ചവടക്കാരുടെ **(B)** വഴിയാത്രക്കാരന്റെ **(C)** കുട്ടികളുടെ

**(D)** അപരിചിതരുടെ

VI. സാമൂഹ്യസമ്പർക്കമാധ്യമങ്ങളുടെ ഇന്നത്തെ വിളിപ്പേരെന്ത് ?

**(A)** ഫോർത്ത് എസ്റ്റേറ്റ് **(B)** ഫിഫ്ത്ത് എസ്റ്റേറ്റ് **(C)** ബ്ലോഗ് **(D)** യൂട്യൂബ്

3) **ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5×2=10)

I. 'കോകിലനാരിപോലെ നീ പരഭൃതയല്ലോ '

**A** കോകിലനാരി എന്ന് വിശേഷിപ്പിക്കുന്നതാരെ ?

**(A)** ഗൗതമിയെ **(B)** ശകുന്തളയെ

**(C)** ഗംഗയെ **(D)** മേനകയെ

**B** ആരാണ് ഇപ്രകാരം വിശേഷിപ്പിക്കുന്നത് ?

**(A)** ഭീഷ്മർ **(B)** ദുഷ്ഷന്തൻ

**(C)** വിശ്വാമിത്രൻ **(D)** പണ്ഡിതന്മാർ

II. 'നീയിപ്പോൾ ചിലച്ചതെന്തിന്? മനുഷ്യൻ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്ക് അറിഞ്ഞുകൂടേ' ?

**A** പാഠഭാഗമേത് ?

**(A)** ഓർമ്മയുടെ ഞരമ്പ് **(B)**അവകാശങ്ങളുടെ പ്രശ്നം

**(C)** ഗൗളിജന്മം **(D)** കൊള്ളിവാക്കല്ലാതൊന്നും

**B** ഈ വാക്കുകൾ ആര് ആരോടാണ് പറഞ്ഞത് ?

**(A)** ആൺഗൗളി യുവതിയോട് **(B)** പെൺഗൗളി ആൺഗൗളിയോട്

**(C)** യുവാവ് ആൺഗൗളിയോട് **(D)**ആൺഗൗളി പെൺഗൗളിയോട്

III. 'ഞങ്ങൾക്ക് രാത്രിയും പകലും എന്ന ഭേദമില്ല '

**A** ആരുടെ വാക്കുകൾ ?

**(A)** ദിവാകരന്റെ **(B)** കച്ചവടക്കാരന്റെ **(C)**കുട്ടികളുടെ

**(D)** വഴിയാത്രക്കാരുടെ

**B** ഈ മറുപടി അയാളിൽ ഉണ്ടാക്കിയ ഭാവമെന്ത് ?

**(A)** ഉത്സാഹം **(B)** തളർച്ച **(C)** മയക്കം **(D)** ആത്മവിശ്വാസം

IV. 'കാന്തനല്ലും പകലും കഴിവില്ലാതെ വലയുന്നു '

**A** ആരാണ് കാന്തൻ ?

**(A)** സുതപസ്സ് **(B)** ഉഗ്രസേനൻ

**(C)** ഉഗ്രതപസ്സ് **(D)** ഉഗ്രശിരസ്സ്

B എന്തു മൂലമാണ് വലയുന്നത് ?
(A) ദുശീലം (B) കോപം
(C) രോഗം (D) വാർദ്ധക്യം

V. A 'മലയാള ശാകുന്തളം ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതിയേത് ?
(A) ശാകുന്തളം (B) നളചരിതം ആട്ടക്കഥ
(C) അദ്ധ്യാത്മരാമായണം കിളിപ്പാട്ട് (D) മഹാഭാരതം കിളിപ്പാട്ട്
B ഇതിന്റെ കർത്താവാര് ?
(A) ചെറുശ്ശേരി (B) മഴമംഗലം നമ്പൂതിരി
(C) ഉണ്ണായി വാര്യർ (D) എഴുത്തച്ഛൻ

VI. 'ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ച് കൊണ്ടിരുന്ന കാര്യത്തിൽ ദാ ഈ നിമിഷം തീർപ്പായി '
A എന്താണ് കാര്യം ?
(A) സന്ദർശകയുടെ വരവ്
(B) ഡോക്ടറുടെ ഈഗോ
(C) യുവാവിന്റെ മരണം
(D) യുവതിയുടെ സങ്കടം
B ഏത് നിമിഷമാണ് തീർപ്പായത് ?
(A) ഡോക്ടർ വന്നപ്പോൾ
(B) സന്ദർശക പോയപ്പോൾ
(C) മുറിയിലേക്ക് ഇരുട്ട് പതിച്ചപ്പോൾ
(D) ഗൗളി ചിലയ്ക്കുന്നത് കേട്ടപ്പോൾ

**4. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (2×5=10)

I. ' വനമൂർച്ഛയിൽ ദുഃഖം തകരും
ഞാനന്നു ചിരിക്കും "
A ഇങ്ങനെ പറയുന്നതാര് ?
(A) ദിവാകരൻ (B) കാട്ടാളൻ (C) സൂര്യൻ (D) കുട്ടികൾ
B ദുഃഖം എങ്ങനെയാണ് തകരുന്നത് ?
(A) സൂര്യൻ ഉദിക്കുന്നത് കണ്ടിട്ട് (B) വനഭംഗി കണ്ടിട്ട്
(C) കൽമഴുവോങ്ങിയിട്ട് (D)കുടൽമാലകൾ തൂക്കുമ്പോൾ
C ആരുടെ ദുഃഖമാണ് ഇല്ലാതാകുന്നത് ?
(A) കാടത്തികളുടെ (B) കാട്ടാളന്റെ (C) ആൺപൈതങ്ങളുടെ
(D) മലതീണ്ടിയശുദ്ധം ചെയ്തവരുടെ
D 'വനമൂർച്ഛ എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?
(A) കൂടിച്ചേരൽ (B) വനഭംഗി (C) അമിതമായ സന്തോഷം
(D) അമിതമായ ദുഃഖം
E ഈ വരികൾ ഏത് പാഠഭാഗത്തിലേതാണ് ?
(A) കണ്ണാടി കാണ്മോളവും (B) കിരാതവൃത്തം (C) മോഷണം
(D) കൊള്ളിവാക്കല്ലാതൊന്നും

II. ' ധീമാനവന്നെന്നോടു നാമവും വാർത്തയും ചൊന്നാൻ "
A ആരെയാണ് ധീമാൻ എന്നു വിശേഷിപ്പിക്കുന്നത് ?
(A) ബാഹുകനെ (B) ഋതുപർണ്ണനെ (C) കലിയെ (D) പൂമാതിനെ
B ആരുടേതാണീ വാക്കുകൾ ?
(A) ഭൈമി (B) മേനക (C) കേശിനി (D) ശകുന്തള

C നളന് ബാഹുകൻ എന്ന പേര് നിർദ്ദേശിച്ചത് ആര് ?

(A) സാകേതപതി (B) നൈഷധൻ (C) കാർക്കോടകൻ (D) ഇന്ദ്രൻ

D ഈ വാക്കുകൾ ആരോടാണ് പറയുന്നത് ?

(A) ശകുന്തളയോട് (B) ദമയന്തിയോട് (C) ശീലാവതിയോട്
(D) യുവതിയോട്

E രണ്ട് പദങ്ങൾക്കിടയിലെ കഥാപരമായ വികാസത്തിന്റെ സൂചന നൽകുന്നതിന് ആട്ടക്കഥയിൽ പറയുന്ന പേരെന്ത്?

(A) ആത്മഗതം (B) ശ്ലോകം (C) ദണ്ഡകം (D) മുക്തകം

III. ഏതുതരം വെബ്സൈറ്റുകൾക്കും പ്രാദേശികഭാഷകളിലേക്ക് കൂടു മാറാവുന്നതാണ് -

A ഈ ലേഖനം ആരുടേതാണ് ?

(A) വി. ആർ. പ്രബോധചന്ദ്രൻ (B) വി.കെ.ആദർശ് (C) ചന്ദ്രമതി
(D) എം.മുകുന്ദൻ

B പാഠഭാഗമേത് ?

(A) മാധ്യമവിചാരം (B) കൈയ്യൊപ്പില്ലാത്ത സന്ദേശം
(C) നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും
(D) വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ

C ഇന്റർനെറ്റ് നിലവിൽ വന്ന സമയത്ത് വിനിമയ ഭാഷ ഏതായിരുന്നു ?

(A) ബംഗാളി (B) തെലുങ്ക് (C) മലയാളം (D) ഇംഗ്ലീഷ്

D ഈ പാഠഭാഗം ഉൾക്കൊള്ളുന്ന കൃതിയേത് ?

(A) യൂണികോഡ് മലയാളം (B) ഇ -വായന (C) ബ്ലോഗ്ഭൂമി
(D) വിവരസാങ്കേതികവിദ്യ

E ഇന്റർനെറ്റിന്റെ ഭാവിവികാസം ഏതിലൂടെയാണ് ?

(A) ഹിന്ദി (B) ഉർദ്ദു (C) ഇംഗ്ലീഷ് (D) പ്രാദേശികഭാഷ

## SECTION - B

**5. ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2×2=4)

I. ധർമ്മോൽപ്രേക്ഷ ഉദാഹരണസഹിതം വിശദമാക്കുക.

II. അലങ്കാരം നിർണ്ണയിക്കുക.

തന്നഭംഗിതനുഭംഗിമൂലമി
ങ്ങന്നമായ് പ്പൊരുതുമെന്ന ശങ്കയാൽ
അന്നവാഹനരുളീല കുക്കുട-
ത്തിനമർത്യപദചംക്രമക്രമം

**6. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (3×2=6)

I. സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ഒന്നാന്തരം ജനാധിപത്യവേദിയാണെന്ന് പറയാൻ കാരണമെന്ത് ?

II. 'സ്വൈരമായി ചാകാൻ കൂടി സമ്മതിക്കില്ല ഈ വർഗ്ഗം " – സന്ദർഭമെഴുതുക.

III. 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കവിതയുടെ പാഠസന്ദർഭം വിശദമാക്കുക.

IV. 'കിരാതവൃത്തം 'എന്ന കവിതയിലെ കാട്ടാളൻ എന്ന സങ്കൽപം എവിടെ നിന്നാണ് കവി സ്വീകരിച്ചിരിക്കുന്നത്?

**7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (5×3=15)

I. 'കണ്ടാൽപ്പോലും അവയെ ഞാൻ തിരിച്ചറിയാൻ പോകുന്നില്ല ' ഇങ്ങനെ പറയാൻ ദിവാകരനെ പ്രേരിപ്പിച്ച വികാരമെന്ത് ?

II. 'കിരാതവൃത്തം 'എന്ന കവിതയിൽ കാട്ടാളൻ ഉയർത്തിക്കാണിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ എന്തെല്ലാം?

III. 'ഗൗളിജന്മം' എന്ന കഥയിൽ കാണുന്ന നിഗൂഢമായ ഹാസ്യം വിശകലനം ചെയ്യുക.

IV. 'കേശിനി 'എന്ന കഥാപാത്രസൃഷ്ടി എത്രത്തോളം മികവുറ്റതാണെന്ന് പരിശോധിക്കുക.

V. 'മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും' -ആശയം വിശദമാക്കുക

VI. നവമാധ്യമങ്ങളുടെ സാധ്യതകൾ എന്തെല്ലാം എന്ന് വിശദമാകുക.

**8. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** (1×5=5)

I. **A** സാമൂഹ്യപ്രതിബദ്ധതയുടെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമാണ് എം.ടി യുടെ അമ്മ - സമർത്ഥിക്കുക.

**B** നാശോന്മുഖമാകുന്ന പ്രകൃതിയെക്കുറിച്ചുള്ള വ്യാകുലതകൾ എം.ടി പങ്കുവയ്ക്കുന്നതെങ്ങനെ ? അഭയം തേടുന്ന തുമ്പപ്പൂവ് എന്ന ഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

II. **ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

(1×5=5)

**A** അഴിമതിരഹിത ഭാരതം.

**B** പ്രകൃതിയിലേക്ക് മടങ്ങുക - സാധ്യതകളും വെല്ലുവിളികളും.

III. കലാപകലുഷിതമാകുന്ന കേരളനാടിനെ സമാധാനത്തിന്റെ പാതയിലേക്ക് നയിക്കാൻ സർവ്വരാഷ്ട്രീയ കക്ഷികൾക്കും ബാധ്യതയുണ്ട് എന്ന് ബോധ്യപ്പെടുത്തുന്ന ഒരു ലേഖന പരമ്പര പ്രസിദ്ധീകരിക്കണമെന്ന് ആ വശ്യപ്പെട്ടു കൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.

(1×5=5)